## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2456** **21-01-2021 - ൽ മറുപടിയ്ക്ക്**

## ഖാദി ഗ്രാമ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഖാദി ഗ്രാമമേഖലയുടെ ഉന്നമനത്തിനായി ഏർപ്പെടുത്തിയ ഖാദി ഗ്രാമ പദ്ധതി പ്രസ്തുത മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്; നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്; വ്യക്തമാക്കുമോ; | (എ) | ഖാദി മേഖലയിൽ പുതുതായി അയ്യായിരം പേർക്ക് തൊഴിൽ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയാണ് "ഖാദി ഗ്രാമം" പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി അനുവദിച്ച 1.70കോടി രൂപ വിനിയോഗിച്ച് 250 ചർക്കളും 69 തറികളും പുതുതായി വാങ്ങുകയും സ്പെയർ പാർട്സ് വാങ്ങുകയും വാർപ്പിംഗ് യൂണിറ്റുകൾ സ്ഥാപിക്കുകയും ചർക്ക-തറി റിപ്പയർ സെന്റർ, പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 40 പേർക്ക് നെയ്ത്ത്-നൂല്പ് പരിശീലനം നൽകുകയും, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ തുടങ്ങിയ ജില്ലകളിൽ മസ്ലിൻ ഉല്പാദനം ആരംഭിച്ചിട്ടുമുണ്ട്. |
| (ബി) | പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതിയിൽ ഖാദി മേഖലയിലെ പുതിയ യൂണിറ്റുകൾക്ക് എന്ത് ധനസഹായമാണ് ലഭിക്കുന്നത്; എത്ര ശതമാനം സബ്സിഡി ലഭിക്കും; | (ബി) | ചെറുകിട ഖാദി ഗ്രാമ വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ പരമാവധി 25 ലക്ഷം രൂപ വരെ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ചു പ്രോത്സാഹനം നൽകി വരുന്നു. |
| (സി) | ഖാദി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പുതുക്കിയതെന്നും, പുതുക്കിയ വേതനം എത്രയെന്നും വിശദമാക്കുമോ? | (സി) | ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേതനം 03/08/2018ലെ സ.ഉ. (അച്ചടി) നം 64/2018/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് എസ്.ആർ.ഒ. നമ്പർ 543/2018 പ്രകാരം 06/09/2018ൽ കേരള ഗസറ്റിൽ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പുതുക്കിയ മിനിമം വേതനം 06/09/2018 മുതൽ നിലവിൽ വന്നിട്ടുണ്ട്. നിലവിലുണ്ടായിരുന്ന നിരക്കിൽ നിന്നും ശരാശരി 40% വർദ്ധനവ് ഓരോ തൊഴിലാളിക്കും |

| | | | |
|---|---|---|---|
| | | | ഉണ്ടാകുന്ന വിധമാണ് പരിഷ്കരണം നടപ്പിലാക്കിയത്. സംസ്ഥാന സർക്കാരിന്റെ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ലഭിക്കുന്ന തുക പ്രയോജനപ്പെടുത്തിയാണ് ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ